# കൊളച്ചേരി ഗ്രാമപഞ്ചായത്ത്

## ഓപ്പറേഷൻ തൂഫാൻ 2.0 – ലഹരിവിരുദ്ധ ക്യാമ്പയിൻ റിപ്പോർട്ട്

കേരള പോലീസും തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായി കൊളച്ചേരി ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ "ഓപ്പറേഷൻ തൂഫാൻ 2.0 – ദി നാർകോ ഹണ്ട്" (Operation Toofan 2.0 – The Narco Hunt) എന്ന പേരിൽ ലഹരിവിരുദ്ധ ക്യാമ്പയിൻ സംഘടിപ്പിച്ചു. ""നാം നമ്മുടെ നാടിന്റെ കാവലാൾ. ജനം നയിക്കും, ലഹരി ഭയക്കും!
ലഹരിക്കെതിരെ നാം ഒരുമിച്ച്", "ലഹരിമുക്ത സമൂഹം നമ്മുടെ ലക്ഷ്യം" എന്നീ സന്ദേശങ്ങളോടെയാണ് ഈ പരിപാടി സംഘടിപ്പിച്ചത്.

പഞ്ചായത്തുതല ഉദ്ഘാടനം ശ്രീമതി. ഷമീമ ടി. വി. (ബഹു. കൊളച്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്) 2026 സെപ്റ്റംബർ 28 തിങ്കൾ ഉച്ചയ്ക്ക് 12:00 മണിക്ക് കൊളച്ചേരി ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാളിൽ വച്ച് നടത്തി. സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് ശ്രീ ഷമീർ പി സന്നിഹിതനായി. "ലഹരി വിരുദ്ധ സമൂഹം നമ്മുടെ ലക്ഷ്യം", "ആരോഗ്യകരമായ യുവത്വവും സുരക്ഷിത ഭാവി" എന്നീ ആശയങ്ങൾ മുൻനിർത്തിയാണ് ഈ ക്യാമ്പയിൻ സംഘടിപ്പിച്ചത്. സമൂഹത്തിൽ ലഹരിയുടെ ഉപയോഗം തടയുന്നതിനും യുവതലമുറയെ ബോധവൽക്കരിക്കുന്നതിനുമുള്ള ഒരു മികച്ച ചുവടുവെപ്പായിരുന്നു കൊളച്ചേരി ഗ്രാമപഞ്ചായത്തിൽ നടന്ന ഈ പരിപാടി.

### പ്രധാന പരിപാടികൾ

ചടങ്ങിന്റെ ഭാഗമായി താഴെ പറയുന്ന വിവിധ പരിപാടികൾ നടന്നു:

**തൂഫാൻ ഫ്ലാഗ് ഉയർത്തൽ,**




**തൂഫാൻ പ്രതിജ്ഞ** (ലഹരിക്കെതിരെയുള്ള പ്രതിജ്ഞയെടുക്കൽ)



- **തൂഫാൻ വാരിയർ പ്രഖ്യാപനവും ബാഡ്ജ് വിതരണവും**





- **ബോധവൽക്കരണ ക്ലാസ്**





കൂടുതൽ ഫോട്ടോസ് വീഡിയോസ് ഇതോടൊപ്പം അറ്റാച്ച് ചെയ്യുന്നു.